KSFESA CITU
# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION
Reg. No. 181/71, Kottappuram Road, Thrissur - 4
(Affiliated to C.I.T.U.R.No.K.1128)
E-mail : ksfesacitu@yahoo.co.in Web : www.ksfesa.com

President
A.K.Balan MLA
Mob : 9846361111

General Secretary
S.Muraleekrishnapillai
Mob : 9446538432

ൗ

**ശ്രീ.ജോഷി പോൾ വെളിയത്ത്,**
മാനേജിംഗ് ഡയറക്ടർ,
കെ.എസ്.എഫ്.ഇ.ലിമിറ്റഡ്, തൃശൂർ

വിഷയം : ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ ബൈട്രാൻസഫർ പ്രമോഷൻ ഡി.സി.എ. യോഗ്യത ഒഴിവാക്കണമെന്ന ആവശ്യം സംബന്ധിച്ച്.

സൂചന : 1) ജി.ഒ. (എം.എസ്.) നമ്പർ 162/2013/റ്റി.ഡി. തീയതി 24.9.2013
2) ജി.ഒ.(എം.എസ്.) നമ്പർ 173/2014/റ്റി.ഡി. തീയതി 14.10.2014

സൂചന 2 ലെ ഉത്തരവ് പ്രകാരം കെ.എസ്.എഫ്.ഇ. യിലെ ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ ബൈട്രാൻസഫർ നിയമന (ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രമോഷൻ) അനുപാതം 5% ൽനിന്നും 10% ആയി ഉയർത്തുകയുണ്ടായി. എന്നാൽ പ്രസ്തുത പ്രമോഷൻ ലഭിക്കുന്നതിന് അധികയോഗ്യതയായി ഡി.സി.എ. (ഡിഗ്രി ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) കൂടി ബാധകമാക്കി. തത്ഫലമായി പ്രസ്തുത ഉത്തരവ് പ്രകാരം പ്രമോഷൻ ലഭിച്ച ജീവനക്കാർ രണ്ട് വർഷത്തിനുള്ളിൽ ഡി.സി.എ. യോഗ്യത നേടണം. 2011 ൽ നിലവിൽ വന്ന പി.എസ്.സി. റാങ്ക്ലിസ്റ്റിലെ 116 പേരിൽ, പ്രസ്തുത ഉത്തരവിന് ശേഷം പ്രമോഷൻ ലഭിച്ച 11 പേർക്ക് മാത്രമാണ് ഡി.സി.എ. യോഗ്യത, പ്രസ്തുത ഉത്തരവ് വഴി ബാധകമായത്. കൂടാതെ സ്ഥാപനത്തിൽ നേരിട്ട് നിയമിക്കപ്പെടുന്ന ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ജീവനക്കാർക്ക് (ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവിന്റെ 90%) കമ്പ്യൂട്ടർ യോഗ്യത നിശ്ചയിക്കാതിരിക്കുകയും സ്ഥാപനത്തിൽ വർഷങ്ങളോളം സേവനമനുഷ്ഠിച്ച ജീവനക്കാർ പി.എസ്.സി.യുടെ അർഹതാപരീക്ഷ പാസാകുമ്പോൾ അവർക്ക് മാത്രമായി ഡി.സി.എ. യോഗ്യത നിർബന്ധിതമാക്കുകയും ചെയ്യുന്നത് നീതിനിഷേധവും വിവേചനപരവുമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥ പ്രകാരം ഡി.സി.എ. യോഗ്യതയില്ലാത്ത ഓഫീസ് അറ്റൻഡന്റ് ജീവനക്കാർക്ക് ഇനിമുതൽ ബൈ ട്രാൻസ്ഫർ നിയമനത്തിനുള്ള അപേക്ഷ പോലും സമർപ്പിക്കാനാവാത്ത സ്ഥിതിയുമുണ്ടായിരിക്കുകയാണ്.

പ്രസ്തുത പ്രശ്നം ഞങ്ങൾ മാനേജ്മെന്റിനെ അറിയിക്കുകയും വിവേചനം ബോധ്യപ്പെട്ട് ഡയറക്ടർ ബോർഡ് യോഗത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തതാണ്. ഡയറക്ട് ബോർഡ് യോഗം ജൂനിയർ അസിസ്റ്റന്റ് തസ്തികയിലെ നേരിട്ടുള്ള നിയമനത്തിന് (90% നിയമനം) പി.ജി.ഡി.സി.എ.യും ബൈട്രാൻസ്ഫർ നിയമനത്തിന് (10% നിയമനം) ഡി.സി.എ.യും ഒഴിവാക്കാനുള്ള തീരുമാനം എടുത്തു എന്നാണ് ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞത്. എന്നാൽ ഈ തീരുമാനം വ്യക്തമായി പരാമർശിക്കാതെയാണ് സർക്കാരിലേക്ക് അയച്ചുകൊടുത്തത്. ആശയ വ്യക്തതയില്ലാത്തതിനാൽ സർക്കാർ പ്രസ്തുത കത്ത് പരിഗണിക്കുകയോ തുടർ നടപടിയിൽ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

ആയതിനാൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിൽ പി.ജി.ഡി.സി.എ. യോഗ്യതയും ബൈട്രാൻസ്ഫർ നിയമനത്തിന് ഡി.സി.എ യോഗ്യതയും ഒഴിവാക്കിയ തീരുമാനം സർക്കാരിനേയും പി.എസ്.സി.യേയും അറിയിച്ച് അംഗീകാരം നേടണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. അതുവഴി സ്പെഷ്യൽ റൂൾ ഭേദഗതിയും ഡി.സി.എ. യോഗ്യതയും ഒഴിവാക്കി സൂചന 2 ലെ സർക്കാർ ഉത്തരവ് മുൻകാലപ്രാബല്യത്തോടെ കെ.എസ്.എഫ്.ഇ – ൽ നടപ്പാക്കാനുള്ള സാഹചര്യം ഒരുക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

അനുകൂലമായ തീരുമാനവും തുടർ നടപടിയും അതിവേഗം ഉണ്ടാകുമെന്ന പ്രതീക്ഷയോടെ.

വിശ്വാസപൂർവ്വം,

08.03.2016

ജനറൽ സെക്രട്ടറി
കെ.എസ്.എഫ്.ഇ.സ്റ്റാഫ്
അസോസിയേഷൻ (സി.ഐ.ടി.യു.)